ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 01.11.2025**

## പ്രധാന വാർത്തകൾ

**TIME : 07.25 AM**

1. ഛത്തിസ്ഗഢ് രൂപീകരണത്തിന്റെ 25-ാം വാർഷികാഘോഷങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. 14,260 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

   Prime Minister Narendra Modi will visit Chhattisgarh today to participate in the celebrations marking 25 years of the formation of the State. PM will launch a series of developmental projects worth over 14,260 crore rupees.

2. ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും ആസിയാൻ-ഇന്ത്യ ബന്ധം ശക്തമായി തുടരുന്നതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിംഗ്. ക്വാലലംപൂരിൽ ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ

സമ്മേളനത്തിൽ രാജ്യരക്ഷാമന്ത്രി ഇന്ന് പങ്കെടുക്കും.

**Defence Minister Rajnath Singh said that ASEAN-India relationship remains a strong pillar of stability in today's uncertain world. He will participate in the ASEAN Defence Ministers' Meeting in Kuala Lumpur, today.**

3. ഐക്യകേരളം രൂപീകരിച്ചിട്ട് ഇന്ന് 69 വർഷം പൂർത്തിയാകുന്നു. കേരളപ്പിറവി ദിനത്തിൽ സംസ്ഥാനത്തെ അതിദാരിദ്ര്യമുക്തമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പ്രഖ്യാപിക്കും.

**Kerala is celebrating 69th anniversary of Statehood. On Kerala Piravi Day, Chief Minister Pinarayi Vijayan will declare Kerala as the First State to Eradicate Extreme Poverty in the Country.**

4. സ്വസ്ത് നാരി, സശക്ത് പരിവാർ അഭിയാൻ കാമ്പെയ്നുകൾക്ക് കീഴിൽ മൂന്ന് ഗിന്നസ് വേൾഡ് റെക്കോർഡുകൾ ഇന്ത്യ നേടിയതായി കേന്ദ്ര ആരോഗ്യമന്ത്രാലയം.

**India has achieved three Guinnes World Record**

titles under the campaign Swasth Nari, Sashakt Parivar Abhiyaan.

5. ഫിഡെ ചെസ് ലോകകപ്പിന് ഗോവയിൽ തുടക്കമായി. ചെസ് ലോകകപ്പിന് ഇന്ത്യ വേദിയാകുന്നത് 23 വർഷങ്ങൾക്ക് ശേഷം. The FIDE Chess World Cup 2025 began in Goa. Marking the prestigious tournament's return to India after 23 years.

❁❁❁❁❁❁❁❁❁❁❁❁❁

**PM-CHHATTISGARH-VISIT**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഛത്തിസ്ഗഢ് സന്ദർശിക്കും. സംസ്ഥാന രൂപീകരണത്തിന്റെ 25-ാം വാർഷികാഘോഷങ്ങളിൽ അദ്ദേഹം പങ്കെടുക്കും. സന്ദർശന വേളയിൽ, 14,260 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും. ദിൽ കി ബാത്ത് സംരംഭത്തിന്റെ ഭാഗമായി നവ റായ്പൂർ അടൽ നഗറിലെ ശ്രീ സത്യസായി സഞ്ജീവനി ആശുപത്രിയിൽ 'ഗിഫ്റ്റ് ഓഫ് ലൈഫ്' പരിപാടി പ്രകാരം ജന്മനാ ഹൃദ്രോഗങ്ങൾക്ക് വിജയകരമായി ചികിത്സ ലഭിച്ച 2,500 ഓളം കുട്ടികളുമായി

പ്രധാനമന്ത്രി സംവദിക്കും. ഛത്തീസ്ഗഢ് നിയമസഭയുടെ പുതിയ കെട്ടിടത്തിന്റെയും ഉദ്ഘാടനവും ശ്രീ മോദി നിർവഹിക്കും.

*********************

**PM ARYA SAMMELAN (INTRO)**

അടി ഉറച്ച ദേശീയവാദികളുടെ സംഘടനയാണ് ആര്യസമാജമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ അന്താരാഷ്ട്ര ആര്യ മഹാസമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ആര്യ സമാജം സ്ഥാപകൻ സ്വാമി ദയാനന്ദ സരസ്വതിക്ക് പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിച്ചു. രാജ്യത്തെ മാറ്റങ്ങളുടെ തെളിവാണ് ഇന്ന് സ്ത്രീകൾ പല മേഖലകളിലും നേതൃപാടവം വഹിക്കുന്ന രീതിയെന്ന് പ്രധാനമന്ത്രി പറഞ്ഞു.

**(ഹോൾഡ്-വോയിസ്)**

*********************

**VP - KERALA**

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ മറ്റെന്നാൾ കേരളം സന്ദർശിക്കും. കൊല്ലം ഫാത്തിമ മാതാ നാഷനൽ കോളജ് ജൂബിലി

ആഘോഷങ്ങളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. ശ്രീ സി.പി രാധാകൃഷ്ണൻ ഉപരാഷ്ട്രപതി പദത്തിൽ എത്തിയ ശേഷമുള്ള ആദ്യ കേരള സന്ദർശനമാണിത്.

**********************

**RAJNATH-ASEAN MEETING**

ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും ആസിയാൻ-ഇന്ത്യ ബന്ധം ശക്തമായി തുടരുന്നതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിംഗ്. ഇന്ത്യ-ആസിയാൻ ഇടപെടലിന്റെ കേന്ദ്രബിന്ദുവാണ് സമുദ്ര സുരക്ഷയെന്ന് അദ്ദേഹം പറഞ്ഞു. സമുദ്ര പാതകൾ സുരക്ഷിതമാക്കുക എന്നതാണ് രാജ്യത്തിന്റെ മുൻഗണനയെന്നും ഇന്ത്യയുടെ പകുതിയിലധികം വ്യാപാരവും ദക്ഷിണ ചൈനാ കടലിലൂടെയും മലാക്ക കടലിടുക്കിലൂടെയുമാണ് കടന്നുപോകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. മലേഷ്യയുടെ അധ്യക്ഷതയിൽ നടന്ന ആസിയാൻ-ഇന്ത്യ പ്രതിരോധ മന്ത്രിമാരുടെ അനൗപചാരിക യോഗത്തിന്റെ രണ്ടാം പതിപ്പിനെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. ഇന്ന് കാലലംപൂരിൽ നടക്കുന്ന ആസിയാൻ

പ്രതിരോധ മന്ത്രിമാരുടെ സമ്മേളനത്തിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

**********************

**JAISHANKAR-UK (INTRO)**

സങ്കീർണ്ണമായ ചരിത്ര ബന്ധത്തിൽ നിന്ന് ചലനാത്മകവും ഭാവിയിലേക്കുള്ളതുമായ പങ്കാളിത്തത്തിലേക്ക് ഇന്ത്യ-യുകെ ബന്ധം പരിണമിച്ചിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഇന്നലെ ന്യൂഡൽഹിയിൽ യുകെ ദേശീയ ദിനാഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യുകെയിലെ ഒമ്പത് പ്രമുഖ സർവകലാശാലകൾക്ക് ഇന്ത്യയിൽ ക്യാമ്പസുകൾ സ്ഥാപിക്കാൻ അനുമതി ലഭിച്ചിട്ടുണ്ടെന്നും ശ്രീ ജയ്ശങ്കർ പറഞ്ഞു.

**(ഹോൾഡ്-വോയിസ്)**

**********************

**INDIA-HEALTH CARE RECORDS**

സ്വസ്ത് നാരി, സശക്ത് പരിവാർ അഭിയാൻ എന്നീ കാമ്പെയ്നിന് കീഴിൽ ഇന്ത്യ മൂന്ന് ഗിന്നസ് വേൾഡ് റെക്കോർഡുകൾ നേടിയതായി കേന്ദ്ര ആരോഗ്യമന്ത്രാലയം. സെപ്റ്റംബർ 17 നും ഒക്ടോബർ 2 നും

ഇടയിൽ നടന്ന ക്യാമ്പെയ്നിൽ അഭൂതപൂർവമായ സമൂഹിക പങ്കാളിത്തം ഉണ്ടായതായി മന്ത്രാലയം അറിയിച്ചു. ഒരു മാസത്തിനുള്ളിൽ ഏറ്റവും കൂടുതൽ ആളുകൾ രജിസ്റ്റർ ചെയ്ത ആരോഗ്യ സംരക്ഷണ പ്ലാറ്റ്ഫോം എന്നതുൾപ്പെടെ ഒന്നിലധികം റെക്കോർഡുകളാണ് സൃഷ്ടിച്ചത്. മൂന്ന് കോടി 21 ലക്ഷത്തിലധികം പേരാണ് രജിസ്റ്റർ ചെയ്തത്. ഒരു ആഴ്ചയ്ക്കുള്ളിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ സ്തനാർബുദ പരിശോധനയ്ക്കായി ഓൺലൈനിൽ രജിസ്റ്റർ ചെയ്ത റെക്കോർഡും ഇത് നേടി. സംസ്ഥാന തലത്തിൽ ഒരു ആഴ്ചയിൽ ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തിലധികം ആളുകൾ ഓൺലൈനിൽ പരിശോധനയ്ക്കായി രജിസ്റ്റർ ചെയ്ത റെക്കോർഡും സ്വന്തമാക്കി. കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജുകൾ, സ്വകാര്യ സംഘടനകൾ എന്നിവ ഉൾപ്പെട്ട കാമ്പെയ്നിൽ 20 ലധികം മന്ത്രാലയങ്ങൾ സജീവമായി പങ്കെടുത്തതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു.

**********************

**NCBC-KERALA**

മതത്തിന്റെ അടിസ്ഥാനത്തിൽ ഒബിസി സംവരണം നൽകുന്നുണ്ടെന്ന

ആരോപണത്തിൽ 15 ദിവസത്തിനുള്ളിൽ മറുപടി നൽകാൻ കേരള സർക്കാരിനോട് നിർദ്ദേശിച്ചതായി ദേശീയ പിന്നാക്ക വിഭാഗ കമ്മീഷൻ ചെയർമാൻ ഹൻസ് രാജ് ഗംഗാറാം അഹിർ. രാഷ്ട്രീയ നേട്ടങ്ങൾക്കായി ചില മതവിഭാഗങ്ങൾക്ക് കേരള സർക്കാർ സംവരണം നൽകുന്നുണ്ടെന്നും ഇത് ന്യായമായ സംവരണ നയ തത്വങ്ങൾ ലംഘിക്കുന്നതാണെന്നും എൻസിബിസി ചെയർമാൻ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പിന്നാക്കം നിൽക്കുന്ന സമുദായങ്ങൾക്ക് മാത്രമേ സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂവെന്ന് ഉറപ്പാക്കുകയാണ് കമ്മീഷന്റെ ലക്ഷ്യം. വിഷയത്തിൽ കേരള സർക്കാരിൽ നിന്ന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

**********************

**DAY BIHAR CAMPAIGNING**

ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമായി. ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡയും മഹാസഖ്യ നേതാവ് തേജസ്വി പ്രസാദ് യാദവും വിവിധ ഇടങ്ങളിൽ പൊതു പരിപാടികളിൽ

പങ്കെടുത്തു. എൻഡിഎ ഇന്നലെ പ്രകടന പത്രിക പുറത്തിറക്കി. ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, മുതിർന്ന നേതാക്കളായ ജെ പി നഡ്ഡ, ധർമ്മേന്ദ്ര പ്രധാൻ തുടങ്ങിയവർ ചേർന്നാണ് പത്രിക പുറത്തിറക്കിയത്. കോൺഗ്രസ്-ആർജെഡി മഹാസഖ്യവും പ്രകടന പത്രിക പുറത്തിറക്കിയിരുന്നു. ഈ മാസം 6, 11 തീയതികളിലാണ് ബിഹാറിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

*********************

**JAN JATIYA GAURAV VARSH**

രാജ്യത്തെ ഗോത്ര സമൂഹങ്ങളുടെ സമ്പന്നമായ പൈതൃകം, സംസ്കാരം, സംഭാവനകൾ എന്നിവ ഉയർത്തിക്കാട്ടിക്കൊണ്ടുള്ള ജൻജാതിയ ഗൗരവ് വർഷ് പഖ്വാഡ'യ്ക്ക് ഇന്ന് തുടക്കമാകും. ഈ മാസം 15 വരെയാണ് പരിപാടി. രണ്ടാഴ്ച നീണ്ടുനിൽക്കുന്ന ആഘോഷങ്ങൾ ഇതിന്റെ ഭാഗമായി രാജ്യമെമ്പാടും നടക്കും. സ്വാതന്ത്ര്യസമര സേനാനി ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷികവും ഈ മാസം 15ന് വിപുലമായി ആഘോഷിക്കും.

*********************

## KERALA DAY

ഇന്ന് കേരളപ്പിറവി. ദൈവത്തിന്റെ സ്വന്തം നാട് എന്ന് അറിയപ്പെടുന്ന കേരള സംസ്ഥാനം രൂപീകൃതമായിട്ട് 69 വർഷം തികയുന്നു. ഭാഷാടിസ്ഥാനത്തിൽ 1956 നവംബർ ഒന്നിനാണ് ഐക്യ കേരളം രൂപീകരിച്ചത്. അന്ന് മുതൽ നവംബർ ഒന്ന് കേരളപ്പിറവിദിനമായി ആഘോഷിക്കുന്നത്. കേരളത്തിന് പുറമെ, മധ്യപ്രദേശ്, ഹരിയാന, പഞ്ചാബ്, കർണാടക, ആന്ധ്രപ്രദേശ്,ഛത്തിസ്ഗഢ് എന്നീ സംസ്ഥാനങ്ങളും ഇന്ന് രൂപീകരണ ദിനം ആഘോഷിക്കുന്നു.

**********************

## CM - KERALA DAY

കേരളപ്പിറവിയോടനുബന്ധിച്ച് വിപുലമായ ആഘോഷ പരിപാടികളാണ് സംസ്ഥാനത്ത് നടക്കുന്നത്. നിയമസഭയുടെ പ്രത്യേക സമ്മേളനം ഇന്ന് വിളിച്ച് ചേർത്തിട്ടുണ്ട്. കേരളത്തെ അതിദാരിദ്ര്യ മുക്തമായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രസ്താവന മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിയമസഭയിൽ നടത്തും. മലയാളദിന ഭരണ

ഭാഷാവാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനവും അദ്ദേഹം നിർവഹിക്കും. ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും മുഖ്യമന്ത്രി പിണറായി വിജയനും കേരളപ്പിറവി ആശംസകൾ നേർന്നു.

*********************

**CM - KERALA**

കേരളം രാജ്യത്തെ ആദ്യ അതിദാരിദ്ര്യ മുക്ത സംസ്ഥാനമായതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. സെൻട്രൽ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് ശേഷം നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ മോഹൻലാൽ, മമ്മൂട്ടി, കമൽഹാസൻ തുടങ്ങിയവർ മുഖ്യാതിഥികളാവും. എല്ലാ തദ്ദേശസ്ഥാപനങ്ങളിലും പ്രത്യേക പരിപാടികളും ഇതോടനുബന്ധിച്ച് നടക്കും.

*********************

**ARMY CHIEF-YOUNG LEADERS FORUM (INTRO)**

ഭീകരവാദം, ശത്രുത, നിഴൽ യുദ്ധങ്ങൾ, തെറ്റായ പ്രചാരണങ്ങൾ എന്നിവ വലിയ ഭീഷണികൾ ഉയർത്തുന്നതായി കരസേനാ

മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി. ദേശീയ സുരക്ഷയ്ക്കായി യുവാക്കളെ ശാക്തീകരിക്കുന്നതിനുള്ള യംഗ് ലീഡേഴ്സ് ഫോറത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

**(ഹോൾഡ് വോയിസ്)**

*********************

**CHESS WORLD CUP**

ഫിഡെ ചെസ് ലോകകപ്പിന് ഗോവയിലെ ഡോ.ശ്യാമപ്രസാദ് മുഖർജി ഇൻഡോർ സ്റ്റേഡിയത്തിൽ തുടക്കമായി. 23 വർഷങ്ങൾക്ക് ശേഷമാണ് ചെസ് ലോകകപ്പിന് ഇന്ത്യ വേദിയാകുന്നത്. നവംബർ 27 വരെ നടക്കുന്ന മത്സരങ്ങളിൽ 82 രാജ്യങ്ങളിൽ നിന്നുള്ള 206 താരങ്ങൾ മാറ്റുരയ്ക്കും. ഡി ഗുകേഷ്, ആർ പ്രഗ്നാനന്ദ തുടങ്ങിയവർ ഇന്ത്യക്കായി ഇറങ്ങും.

*

***********

******************************